The question that Government be granted a sum of Rs. 1,230 under Demand XXIV—Medical for the appointment of a Lay Secretary for General Hospital, Ophthalmic Hospital and the Medical Stores, Trivandrum, was put and carried.

The grant was made.

DEMAND XXVI—PUBLIC HEALTH AND SANITATION.

Mr. C. P. Gopala Panicker : I beg to move that Government be granted a sum of Rs. 20,000 under Demand XXVI—Public Health and Sanitation for additional allotment under "30 C. Prevention of Epidemics."

This amount is necessary to meet certain charges the payment of which became inevitable on account of the cholera situation which was prevailing recently, and also on account of the malaria control work started in the municipalities of Nagercoil and Kottayam. As we all know, the Department has spent more money than what was actually provided in the budget on account of the prevalence of cholera in several parts of the State. This amount is therefore, necessary to meet the payment of certain charges already incurred. I request that the grant may be sanctioned.

Mr. Kallur Narayana Pillai : താലൂക്കാലികമായി ഇക്കാര്യത്തിൽ പ്രത്യേകം ചില വ്യവസ്ഥകൾ ചെയ്യേണ്ടിയിരിക്കുന്നു. കാരണം സാംക്രമികരോഗങ്ങളുടെ നിവാരണത്തിന് വേണ്ട മാർഗ്ഗങ്ങൾ കണ്ടുപിടിക്കേണ്ടതു കൊണ്ടാണ്. തിരുവിതാംകൂറിൽ സാംക്രമികരോഗങ്ങൾ ധാരാളം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. കാളറാ, വയറുകടി മുതലായ രോഗങ്ങൾ ഇവിടെ ധാരാളമുണ്ട്. അതിനും പുറമേ കുഷ്ഠരോഗവുമുണ്ട്. ഈ മാതിരി രോഗങ്ങൾ ചികിൽസചെയ്യുന്നതിന് ഗവർണ്മെൻറു വേണ്ട സൌകര്യം ചെയ്തുകൊടുക്കുന്നതായി അറിയാം. കരുനാഗപ്പള്ളി താലൂക്കിൽ ഓച്ചിറ എന്ന സ്ഥലത്തു് കുഷ്ഠരോഗനിവാരണത്തിനായി ഭക്തജനങ്ങൾ ഭജനം പാർക്കുന്നുണ്ട്. തൻമൂലം കുഷ്ഠരോഗത്തിന് ശമനമുണ്ടാകുമെന്നാണ് ജനങ്ങൾക്കുള്ള വിശ്വാസം. അവരുടെ ഇടയ്ക്ക് ധാരാളം വാതരോഗികൾ ഉണ്ടെന്നുള്ളതിനും പുറമെ ആരോഗ്യസംരക്ഷണത്തിനായി അനേകായിരം ആളുകൾ വന്ന് താമസിക്കുന്നുണ്ട്. അവരെല്ലാം കൂടിക്കലരുന്നതു് ഒരേ കുളത്തിലാണ്. തൻമൂലം സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കുന്നതിന് ഇടയായിത്തീരുന്നു. ഇതിനെ സംബന്ധിച്ചു് എന്തെങ്കിലും വ്യവസ്ഥചെയ്യണമെന്ന് ഇതിനുമുമ്പു് നടന്ന കൗൺസിലിൽ പല പ്രാവശ്യം പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ കാര്യം ഇതിന്മുമ്പു് ചീഫ് സെക്രട്ടറിയായിരുന്ന രാജ്യസേവാപ്രവീണൻ നീലകണ്ഠയ്യരുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

President: What is the remedial step which the honourable member would recommend in the circumstances?

Mr. Kallur Narayana Pillai: ഓച്ചിറയിലെ കുളത്തിനു ചുറ്റും മതിൽകെട്ടി, വെള്ളംകോരികളിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതു് നന്നായിരിക്കും. അവിടെ പ്രത്യേകം ഒരു കുളിപ്പുരയുണ്ടാക്കിവേണം കുളിക്കുവാൻ. ഇങ്ങനെയുള്ള കുളങ്ങളെ മലിനമാക്കുന്നതു് ആരോഗ്യത്തിനു ഹാനികരമായിതീരുന്നതായിരിക്കും.

Mr. C. N. Thuppan Nambuthiripad: മുങ്ങിക്കുളിച്ചാലേ രോഗത്തിനു ശമനമുണ്ടാക്കുകയുള്ളൂ എന്നു വിശ്വാസമുള്ളവർക്ക് കോരികുളിച്ചാൽ തൃപ്തിയാകുന്നതാണോ?

Mr. Kallur Narayana Pillai: കുളിക്കണമെന്ന വിശ്വാസമേ ജനങ്ങൾക്കുള്ളൂ. അതുകൊണ്ടു് മുങ്ങിയോ, കോരിയൊകുളിക്കുന്നതുകൊണ്ടു് വിശ്വാസത്തിനു് ഭംഗം വരുന്നതല്ല. മുങ്ങിത്തന്നെ കുളിക്കണമെന്നു വിശ്വാസമുള്ളവർ ഗംഗാസ്നാനം ചെയ്തുകൊള്ളട്ടെ.

President: Order, order. We are now considering the question of extra money that is required for cholera vaccines and for certain other vaccines. On account of the cholera epidemic and the malaria outbreak in certain parts of the State, we had to purchase more medicines and vaccines and this Rs. 20,000 is for this purpose.

The suggestions that fell from the honourable member were very interesting and speaking for myself, I hope to attend to that matter and see that the Oachira Temple Tank is disposed of in the manner suggested. But that is a different question, and we shall now come back to the provision of vaccines.

Mr. C. N. Thuppan Nambuthiripad: മുങ്ങിക്കുളിച്ചാലെ രോഗത്തിനു ശമനമുണ്ടാവുകയൊള്ളൂ എന്നു വിചാരിക്കുന്നവർക്കു കോരിക്കുളിച്ചാൽ മതിയാകുന്നതാണോ?

Mr. Kallur Narayana Pillai: കുളിക്കണമെന്നവിചാരമേ ജനങ്ങൾക്കൊള്ളൂ. അതു മുങ്ങിയോ കോരിയോ ആകാം.

President: Under the heading "Prevention of epidemics", a certain amount is needed for more than a few weeks. I think the honourable member will stop with the Oachira tank.

Mr. Kallur Narayana Pillai: ഇതുയും പറഞ്ഞുംകൊണ്ടു ഈ അഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

The question that Government be granted a sum of Rs. 20,000 under Demand XXVI—Public Health and Sanitation was put to vote and carried.

LIBRARY ARCHIVES Kerala Legislative Assembly